"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം -കോന്നി ഡിവിഷനിലെ നടുവത്തു മൂഴി റെയിഞ്ചിൽപ്പെട്ട പാടം, കരിപ്പാംതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിലുള്ള സർക്കാർ തേക്കു തോട്ടങ്ങളിൽ നിന്നും മരം മുറി - അച്ചടക്ക നടപടി - ഔപചാരികാന്വേഷണം - പ്രസന്റിംഗ് ഓഫീസറെ മാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No.294/2022/F&WLD തീയതി,തിരുവനന്തപുരം, 14-07-2022

---

പരാമർശം:- 1. 190.3.2022 ലെ സ.ഉ(സാധാ)നം. 116/2022/വനം ഉത്തരവ്

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 13.06.2022ലെ ബി2-2185/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചിൽപെട്ട പാടം, കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിൽ ഉള്ള സർക്കാർ തോട്ടങ്ങളിൽ നിന്നും വ്യാപകമായി തേക്ക് മരങ്ങൾ മുറിച്ച് കടത്തി എന്ന പത്ര വാർത്തയെ തുടർന്ന് ഫോറെസ്റ്റ് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞ ക്രമക്കേടുകൾക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.എസ്.ഫസലുദീൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.എസ്.രാജേഷ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണം നടത്തുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

എന്നാൽ പ്രസന്റിങ് ഓഫീസറായി നിയമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.രാജ്‌കുമാർ തന്റെ ഭാര്യയുടെ കാൻസർ ചികിത്സാർത്ഥം അവധിയിൽ പ്രവേശിച്ചതിനാൽ മേൽ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും,മേൽ സാഹചര്യത്തിൽ ടിയാന് പകരം പുനലൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലെ ടെക്നിക്കൽ അസിസ്റ്റന്റ് & റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ രാജേഷ്പി.കെ.-യെ പ്രസന്റിങ് ഓഫീസറായി നിയമിക്കാനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭ്യർത്ഥന പരിഗണിച്ച് പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ ശ്രീ.ബി.അനിലിനെ അന്വേഷണാധികാരിയായി നിലനിറുത്തിക്കൊണ്ടും പുനലൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലെ ടെക്നിക്കൽ അസിസ്റ്റന്റ് & റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ രാജേഷ്പി.കെ യെ പ്രസന്റിങ് ഓഫീസറായി നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് കർശനമായും 2 മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIYA LATHEEF.A
UNDER SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ ബി.അനിൽ, പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ

ശ്രീ.രാജ്കുമാർ. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കൊല്ലം വർക്കിംഗ് പ്ലാൻ റെയിഞ്ച് - I

ശ്രീ.രാജേഷ്.പി.കെ, പുനലൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലെ ടെക്നിക്കൽ അസിസ്റ്റന്റ് & റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.

ശ്രീ.എസ്.ഫസിലുദ്ദീൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ.എസ്.രാജേഷ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 14-07-2022 13:55:10
സെക്ഷൻ ഓഫീസർ